# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 806** **10.2.2016- ലെ മറുപടിക്ക്**

## ജില്ലാ/ജനറൽ ആശുപത്രികൾ - മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുമ്പോൾ അവ പുതുതായി നിർമ്മിക്കുന്നതിനു പകരം, നിലവിലുള്ള ജില്ലാ/ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജുകൾ ആക്കി മാറ്റുന്നത് സർക്കാർ നയമാണോ; ദ്വിതീയ - തൃതീയ തലങ്ങളിലുള്ള ആശുപത്രികൾ വികസിപ്പിക്കാതെ ജില്ലാ/ജനറൽ ആശുപത്രികൾ മെഡിക്കൽ കോളേജാക്കുന്നത് രോഗികൾക്കുണ്ടാക്കുന്ന പ്രയാസങ്ങൾ പരിഗണിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് സ്ഥാപിച്ച പുതിയ മെഡിക്കൽ കോളേജുകളെല്ലാം പുതുതായി തന്നെയാണ് നിർമ്മിച്ചിട്ടുള്ളത്. എങ്കിലും എല്ലാ അടിസ്ഥാന സൗകര്യങ്ങളും പൂർത്തിയായി പ്രസ്തുത കോളേജുകൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനാണ് തൊട്ടടുത്ത ജില്ലാ/ജനറൽ ആശുപത്രികളെ ടി മെഡിക്കൽ കോളേജുമായി ചേർത്തിട്ടുള്ളത്. എന്നാൽ ടി നടപടി താൽക്കാലികമാണ്. എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി മെഡിക്കൽ കോളേജ് പ്രവർത്തിച്ചു തുടങ്ങുമ്പോൾ ജില്ലാ/ജനറൽ ആശുപത്രികളെ പ്രസ്തുത പദവിയിൽ നിലനിർത്തുന്നതിനാണ് സർക്കാരിന്റെ ഉദ്ദേശം. |

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി 177.68 കോടി പദ്ധതി ചെലവുകണക്കാക്കിയ ഇടുക്കി മെഡിക്കൽ കോളേജ് സർക്കാർ നൽകിയ കണക്ക് പ്രകാരം 8.36 കോടി രൂപ മാത്രം ചെലവഴിച്ചും, 165 കോടി ചെലവ് കണക്കാക്കിയ മഞ്ചേരി മെഡിക്കൽ കോളേജ് 25.4 കോടി രൂപ മാത്രം ചെലവഴിച്ചും 191 കോടി രൂപ ചെലവിടേണ്ട തിരുവനന്തപുരം സിറ്റി മെഡിക്കൽ കോളേജ് 3 കോടി മാത്രം ചെലവിട്ടും പ്രവർത്തനം ആരംഭിച്ചത് അടിസ്ഥാന സൗകര്യ വികസനം പര്യാപ്തമായതിനു ശേഷമായിരുന്നുവോ; ഇത്തരത്തിൽ ജനറൽ ആശുപത്രികളെ ബോർഡുമാറ്റി മെഡിക്കൽ കോളേജാക്കുന്നത് ആതുരശുശ്രൂഷാ രംഗത്ത് എന്തുനേട്ടം സംഭാവന ചെയ്യുമെന്ന് അറിയിക്കാമോ ;

ബി) ഇടുക്കി, മഞ്ചേരി, തിരുവനന്തപുരം പുതിയ മെഡിക്കൽ കോളേജുകൾക്ക് നാളിതുവരെ സർക്കാർ അനുവദിച്ചിട്ടുള്ള തുകയും, ചെലവഴിച്ച തുകയും സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഓരോ മെഡിക്കൽ കോളേജുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി ഏജൻസി നൽകുന്ന ബില്ലുകൾ പ്രകാരം പൂർത്തീകരിക്കപ്പെടുന്നവക്കാണ് തുക അനുവദിച്ചു നൽകുന്നത്. എല്ലാ അടിസ്ഥാന സൗകര്യങ്ങളും പൂർത്തിയായി പുതിയ മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ തൊട്ടടുത്ത ജില്ലാ/ ജനറൽ ആശുപത്രികളെ ടി മെഡിക്കൽ കോളേജുമായി ചേർക്കാറുണ്ട്.

(സി) പുതുതായി നിർമ്മിക്കേണ്ട വയനാട് മെഡിക്കൽ കോളേജിന് തുകയൊന്നും ചെലവിടാതിരുന്നതും, കാസർകോഡ് മെഡിക്കൽ കോളേജിന് കേവലം 20 ലക്ഷം രൂപ മാത്രം ചെലവഴിച്ചതും എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(സി) വയനാട് മെഡിക്കൽ കോളേജിനു വേണ്ടി വൈത്തിരി താലൂക്കിലെ കോട്ടത്തറ വില്ലേജിലെ 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽ നിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഇതിന് തുകയൊന്നും ചെലവായിട്ടില്ല. വയനാട് മെഡിക്കൽ കോളേജിനു വേണ്ടിയുള്ള അക്സസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂന്നു കോടി രൂപയുടെ ഭരണാനുമതി നൽകികഴിഞ്ഞു. ടി പണികൾക്ക് വേണ്ടി പൊതുമരാമത്ത് വിഭാഗം നടപടികൾ സ്വീകരിച്ചു വരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 6,01,95,000/- രൂപ സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

| | |
|---|---|
| (ഡി) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം പുതുതായി എത്ര ജനറൽ ആശുപത്രികൾ സ്ഥാപിച്ചെന്നും അതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ ? | (ഡി) നെയ്യാറ്റിൻകര, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, ഇരിഞ്ഞാലക്കുട, തൃശ്ശൂർ, വടക്കാഞ്ചേരി, നിലമ്പൂർ എന്നീ ആശുപത്രികൾ ജനറൽ ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്. ആയതിന് പ്രത്യേകം തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ ജീവനക്കാരുടെ ശമ്പളവുമായി ബന്ധപ്പെട്ട ചെലവ് പ്രത്യേകമായി കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

... breakup of allocation for establishment of new Medical Colleges as on ...

| | | Deposits | Withdrawals | Balance |
|---|---|---|---|---|
| Office of Special Officer | 2012-13 | | | |
| | 2013-14 | | ₹ 50,00,000 | |
| | 2015-16 | | ₹ 50,00,000 | |
| | Total | ₹ 0 | ₹ 1,00,00,000 | -₹ 1,00,00,000 |
| MC, Manjeri | 2012-13 | ₹ 6,25,00,000 | | |
| | 2013-14 | ₹ 12,50,00,000 | ₹ 14,90,29,053 | |
| | 2014-15 | ₹ 17,50,00,000 | ₹ 17,96,96,257 | |
| | 2015-16 | ₹ 4,50,00,000 | ₹ 50,00,000 | |
| | **Total** | **₹ 40,75,00,000** | **₹ 33,37,25,310** | ₹ 7,37,74,690 |
| MC, Idukki | 2012-13 | ₹ 6,25,00,000 | | |
| | 2013-14 | ₹ 7,50,00,000 | ₹ 1,25,00,000 | |
| | 2014-15 | ₹ 2,50,00,000 | ₹ 6,17,76,502 | |
| | 2015-16 | ₹ 7,85,00,000 | ₹ 6,78,56,141 | |
| | **Total** | **₹ 24,10,00,000** | **₹ 14,21,32,643** | ₹ 9,88,67,357 |
| MC, Pathan amthitta | 2012-13 | ₹ 6,25,00,000 | | |
| | 2013-14 | ₹ 2,50,00,000 | ₹ 4,91,60,000 | |
| | 2014-15 | ₹ 28,80,00,000 | ₹ 20,63,40,000 | |
| | 2015-16 | ₹ 5,50,00,000 | ₹ 8,16,51,866 | |
| | **Total** | **₹ 43,05,00,000** | **₹ 33,71,51,866** | ₹ 9,33,48,134 |
| MC, Kasargod | 2012-13 | ₹ 6,25,00,000 | | |
| | 2013-14 | ₹ 2,50,00,000 | ₹ 19,95,000 | |
| | 2014-15 | ₹ 2,50,00,000 | | |
| | 2015-16 | ₹ 8,82,00,000 | ₹ 5,82,00,000 | |
| | **Total** | **₹ 20,07,00,000** | **₹ 6,01,95,000** | ₹ 14,05,05,000 |
| GH & WC, Tvm | 2012-13 | | | |
| | 2013-14 | ₹ 3,00,00,000 | | |
| | 2014-15 | ₹ 25,00,00,000 | ₹ 3,00,00,000 | |
| | 2015-16 | ₹ 5,50,00,000 | ₹ 9,91,82,000 | |
| | **Total** | **₹ 33,50,00,000** | **₹ 12,91,82,000** | ₹ 20,58,18,000 |
| Other expenses | 2012-13 | | | |
| | 2013-14 | | | |
| | 2014-15 | | ₹ 1,69,000 | |
| | Total | ₹ 0 | ₹ 1,69,000 | -₹ 1,69,000 |
| Grand total | | ₹ 1,51,47,00,000 | ₹ 1,01,25,55,819 | ₹ 50,21,44,181 |